(ബി) വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ മിനി സ്റ്റേഡിയം പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ വഴി തയ്യാറാക്കിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ അരിയല്ലൂർ സ്റ്റേഡിയം വിവിധ കളി ഗ്രൗണ്ടാക്കാനുതകുന്ന രീതിയിൽ നവീകരിക്കുന്നത് സംബന്ധിച്ച് കെ.എസ്.സി.എ.ഡി.സി. ഉദ്യോഗസ്ഥർ ടി സ്ഥലം സന്ദർശിക്കുകയും പ്രസ്തുത സ്ഥലത്ത് വോളിബോൾ, ഷട്ടിൽ കോർട്ട്, സെവൻസ് ഫുട്ബോൾ കോർട്ട്, ടോയ്ലറ്റ്, ഡ്രസ്സിംഗ് റൂം മുതലായവ നിർമ്മിക്കുന്നതിന് ലഭ്യമായ സ്ഥലം പര്യാപ്തമല്ലാത്തതിനാലും ആയതിനോട് ചേർന്ന് മറ്റ് സ്ഥലമൊന്നും ഇല്ലാത്തതിനാലും ലഭ്യമായിട്ടുള്ള സ്ഥലത്ത് മണ്ണ് ഫില്ലിംഗ് നടത്തി ഗ്രൗണ്ട് നവീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു

പയ്യന്നൂരിൽ പ്രവർത്തിക്കുന്ന ഫിഷറീസ് യൂണിവേഴ്സിറ്റി

229(735) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ പ്രവർത്തിക്കുന്ന ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ഉത്തരമേഖല കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാൻ സ്വന്തമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് യൂണിവേഴ്സിറ്റിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക് കോറോം വില്ലേജ് റീ. സ 32/1, 33/1- ൽപ്പെട്ട 5.093 ഹെക്ടർ മിച്ചഭൂമിയാണ്. മിച്ചഭൂമി പതിച്ചുനൽകണമെങ്കിൽ ആയത് പൊതുആവശ്യത്തിലേക്കായി നീക്കിവച്ച് റവന്യൂ വകുപ്പിൽനിന്ന് ഉത്തരവാകേണ്ടതുണ്ട്. ആയതിലേയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ലാൻഡ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പൊതുആവശ്യത്തിലേയ്ക്കായി നീക്കിവച്ചുകൊണ്ട് ഉത്തരവാകുന്ന മുറയ്ക്ക് ആയത് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് യൂണിവേഴ്സിറ്റിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക് കോറോം വില്ലേജ് റീ. സ 32/1, 33/1 ൽപ്പെട്ട 5.093 ഹെക്ടർ മിച്ചഭൂമിയാണ്. മിച്ചഭൂമി പതിച്ചുനൽകണമെങ്കിൽ ആയത് പൊതുആവശ്യത്തിലേയ്ക്കായി നീക്കിവച്ച് റവന്യൂ വകുപ്പിൽനിന്ന് ഉത്തരവാകേണ്ടതുണ്ട്. ആയതിലേയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ലാൻഡ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പൊതുആവശ്യത്തിലേയ്ക്കായി നീക്കിവച്ചുകൊണ്ട് ഉത്തരവാകുന്ന മുറയ്ക്ക് ആയത് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഫിഷറീസ് സർവ്വകലാശാലയിലെ നിയമനം

230(736) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലയിൽ ഉന്നത അക്കാദമിക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് ദേശീയ പത്രങ്ങളിൽ പരസ്യം നൽകണമെന്ന യു.ജി.സി വ്യവസ്ഥ ലംഘിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ നിർദേശിക്കുന്ന പ്രകാരം രണ്ട് മലയാളം ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും കൂടാതെ സർവകലാശാല വെബ്സൈറ്റിലും ഇതുസംബന്ധിച്ച പരസ്യം നൽകിയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത് .

(ബി) സർവ്വകലാശാലയിൽ അടുത്തിടെ നടന്ന ഫിഷറീസ് ഡീൻ, റിസർച്ച് ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ ഏതെല്ലാം ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

കൗൺസിൽ ഒഴിവുവന്ന ഗവേഷണ വിഭാഗം മേധാവിയുടെയും ഡീൻ ഫിഷറീസിന്റെയും തസ്തികയിൽ നിയമനം നടത്തുന്നതിനായി 17-2-2021-ന് GA5/4419/20 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രഥമ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം രണ്ട് മലയാള ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദേശീയ ദിനപത്രത്തിലും സർവ്വകലാശാലയുടെ വെബ്സൈറ്റിലും വിജ്ഞാപനം